**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3020** **25-10-2021 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നവീകരിക്കുവാൻ ഭരണാനുമതി നൽകിയിട്ടുള്ള ചാത്തന്നൂർ-പരവൂർ-പാരിപ്പള്ളി റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിയും പുരോഗതിയും വ്യക്തമാക്കുമോ; | (എ) | ചാത്തന്നൂർ - പരവൂർ - പാരിപ്പള്ളി റോഡിന്റെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി ഡി.പി.ആർ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ടതു പ്രകാരം ഡി.പി.ആർ തയ്യാറാക്കുന്നതിന് പി.ഡബ്ല്യൂഡി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തുകയും ആവശ്യമായ അധിക വിവരങ്ങൾ RIQCL തിരുവനന്തപുരം കാര്യാലയം മുഖേന ഇൻവെസ്റ്റിഗേഷൻ നടത്തി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള ഡി.പി.ആർ തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡിന്റെ നവീകരണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്നും നിലവിലെ കാലതാമസത്തിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) | ഡി.എൽ.പി. പിരീയഡിലായതിനാൽ ചാത്തന്നൂർ തിരുമുക്ക് മുതൽ മീനാട് വരെയുള്ള 1.5 കി.മി സ്ട്രെച്ച് മുൻപ് പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. ഇപ്പോൾ ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിഞ്ഞതിനാൽ, ടി ഭാഗത്ത് കൂടി പുതിയതായി ഇൻവെസ്റ്റിഗേഷൻ നടത്തുകയും അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ PPU വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ തയ്യാറാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തിക അനുമതി ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കൊല്ലം ഗവണ്മെന്റ് മെഡിക്കൽ കോളേജിലേക്കും പരവൂർ പട്ടണത്തിലേക്കും എത്തിച്ചേരാനുള്ള പ്രസ്തുത സുപ്രധാന പാത ഗതാഗത യോഗ്യമാക്കുന്നതിന് പ്രഥമ പരിഗണ നൽകേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നുണ്ട്. പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീ കരണത്തിനായി മുൻപ് ഉൾപ്പെടുത്താൻ കഴിയാതെ പോയ ചാത്തന്നൂർ തിരുമുക്ക് മുതൽ മീനാട് വരെയുള്ള 1.5 കി.മി കൂടി ഉൾപ്പെടുത്തിയാണ് പുതിയ ഡി.പി.ആർ തയ്യാറാക്കി വരുന്നത്. പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് പ്രഥമ പരിഗ ണന നൽകുന്നുണ്ട്. പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനായി മുൻപ് ഉൾപ്പെടുത്താൻ |

| | | | |
|---|---|---|---|
| | | | കഴിയാതെ പോയ ചാത്തന്നൂർ തിരുമുക്ക് മുതൽ മീനാട് വരെയുള്ള 1.5 കി.മി കൂടി ഉൾപ്പെടുത്തിയാണ് പുതിയ ഡി.പി.ആർ തയ്യാറാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ